31
2025
ജൂലൈ
വ്യാഴം
കർക്കിടകം 15

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.195 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-195 പേജ് 4. വില 2.00 രൂപ




02 റഷ്യയിൽ വൻ ഭൂചലനം; സുനാമി മുന്നറിയിപ്പ്

03 കന്യാസ്ത്രീകളുടെ ജാമ്യാപേക്ഷ പരിഗണിച്ചില്ല; കേസ് എൻഐഎ കോടതിയിലേക്ക്

04 വ്യാജ സൗന്ദര്യവർധക വസ്തുക്കൾ വിറ്റവർക്കെതിരെ നടപടി

# കടലിന്റെ മക്കൾക്ക് സുരക്ഷിത ഭവനങ്ങൾ ഒരുങ്ങി

തിരുവനന്തപുരം: കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് പുനർഗേഹം പദ്ധതി വഴി സർക്കാർ നിർമ്മിച്ച മുട്ടത്തറയിലെ ഫ്ലാറ്റ് സമുച്ചയം ഓഗസ്റ്റ് ഏഴിന് കടലിന്റെ മക്കൾക്ക് കൈമാറും. പ്രത്യാശ എന്നാണ് ഫ്ലാറ്റുകൾക്ക് നാമകരണം ചെയ്തിട്ടുള്ളത്.

ഫ്ലാറ്റ് സമുച്ചയങ്ങളുടെ ഉദ്ഘാടനം ഏഴിന് വൈകീട്ട് നാല് മണിക്ക് ഫ്ലാറ്റ് സമുച്ചയ അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഫിഷറീസ് മന്ത്രി സജി ചെറിയാൻ ചടങ്ങിൽ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ കെ രാജൻ, വി ശിവൻകുട്ടി, ജി ആർ അനിൽ, ജെ ചിഞ്ചുറാണി, എംപിമാർ,



എംഎൽഎമാർ തുടങ്ങിയവർ പങ്കെടുക്കും.

ആകെയുള്ള 400 ഫ്ലാറ്റുകളിൽ പണിപൂർത്തിയായ 332 ഫ്ലാറ്റുകളുടെ താക്കോൽദാനമാണ് നിർവഹിക്കുന്നത്. ഇതിൽ 162 കുടുംബങ്ങൾ വാടകയ്ക്ക് താമസിച്ചിരുന്നവരാണ്. സ്പെഷ്യൽ കേസായി പരിഗണിച്ച് ഗവൺമെന്റ് ക്വാട്ടയിൽ ഉൾപ്പെടുത്തിയ 19 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നൽകുന്നുണ്ട്. ഡിസ്ട്രിക് ലെവൽ കമ്മിറ്റി അംഗീകരിച്ച 133 ഗുണഭോക്താക്കളും, കമ്മിറ്റി വെയ്റ്റിങ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ 18

## പുനർഗേഹം പദ്ധതിയിൽ മുട്ടത്തറയിലെ ഫ്ലാറ്റ് സമുച്ചയം മുഖ്യമന്ത്രി കൈമാറും

കുടുംബങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ 68 ഫ്ലാറ്റുകളുടെ പണി പൂർത്തിയാക്കും. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമ്മാണ ചുമതല ഏറ്റെടുത്തത്. പദ്ധതിയുടെ സാങ്കേതിക മേൽനോട്ട ചുമതല നിർവഹിച്ചത് ഹാർബർ എൻജിനീയറിങ് വകുപ്പാണ്.

പുനർഗേഹം തീരദേശ പുനരധിവാസ പദ്ധതിയിൽ 2023ലാണ് ഭവനസമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചത്. ക്ഷീരവികസന വകുപ്പിൽ നിന്നും ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ എട്ട് ഏക്കർ സ്ഥലത്ത് 81 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയ്ക്കാണ് സർക്കാർ ഭരണാനുമതി നൽകിയത്.

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം.

2450 കോടി രൂപയാണ് 20192020 സാമ്പത്തിക വർഷത്തിൽ സർക്കാർ അനുവദിച്ചത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപയും വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്ന് 1052 കോടി രൂപയുമാണ് പദ്ധതിക്കായി അനുവദിച്ചത്.

കടകംപള്ളിയിൽ ഭരണാനുമതി ലഭിച്ച 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി ലഭിച്ച 24 ഫ്ലാറ്റുകളുടെയും നിർമ്മാണം ഉടൻ ആരംഭിക്കും. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്.

## കന്യാസ്ത്രീകളുടെ അറസ്റ്റ്: രാജ്ഭവനിലേക്ക് മാർച്ച് നടത്തി ക്രൈസ്തവ സഭകൾ

തിരുവനന്തപുരം: ഛത്തീസ്ഗഡിൽ മനുഷ്യക്കടത്തും നിർബന്ധിത മതപരിവർത്തനവും ആരോപിച്ച് മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത സംഭവത്തിൽ പ്രതിഷേധം ശക്തമാകുന്നു. അറസ്റ്റിൽ പ്രതിഷേധിച്ച് രാജ്ഭവനിലേക്ക് ക്രൈസ്തവസഭകൾ മാർച്ച് നടത്തി.

സംഭവത്തിൽ വിവിധ സഭകൾ സംയുക്തമായിട്ടാണ് പ്രതിഷേധിക്കുന്നത്. കെസിബിസി അധ്യക്ഷൻ മാർ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്കാ ബാവയുടെ നേതൃത്വത്തിൽ കറുത്ത തുണി കൊണ്ട് വാ മൂടിക്കെട്ടിയായിരുന്നു പ്രതിഷേധം. ആയിരക്കണക്കിന് വിശ്വാസികളാണ് പ്രതിഷേധ മാർച്ചിൽ പങ്കെടുത്തത്.

അതേസമയം, കന്യാസ്ത്രീകളുടെ ജാമ്യാപേക്ഷ ദുർഗ് സെഷൻസ് കോടതി പരിഗണിച്ചില്ല. കേസ് ബിലാസ്പൂർ എൻഐഎ കോടതിയിലേക്ക് മാറ്റി. കന്യാസ്ത്രീകൾക്കെതിരേ ചുമത്തപ്പെട്ട വകുപ്പുകൾ ഗുരുതരമാണ്. ഈ സാഹചര്യത്തിൽ ജാമ്യാപേക്ഷ പരിഗണിക്കാൻ സാധിക്കില്ലെന്ന് കോടതി പറഞ്ഞു. സാധാരണഗതിയിൽ ഇത്തരം കേസുകൾ പരിഗണിക്കുന്നത് എൻഐഎ കോടതിയാണെന്നും കോടതി നിരീക്ഷിച്ചു.

കന്യാസ്ത്രീകൾക്കായി ദുർഗിലെ പ്രമുഖ അഭിഭാഷകൻ അഡ്വ. രാജ്കുമാർ തിവാരിയാണ് ഹാജരായത്. കന്യാസ്ത്രീകളുടെ ജാമ്യാപേക്ഷ മജിസ്ട്രേറ്റ് കോടതി തള്ളിയതോടെയാണ് സെഷൻസ് കോടതിയെ സമീപിച്ചത്. ഇതിനിടെ നിയമ, വനിത വകുപ്പുകൾ കൈകാര്യം ചെയ്യുന്ന വൈദികരും കന്യാസ്ത്രീകളും അടങ്ങുന്ന സിബിസിഐ സംഘവും റായ്പുരിൽ എത്തിയിട്ടുണ്ട്.

മതപരിവർത്തനം നടത്താൻ പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകുന്നു എന്നാരോപിച്ചാണ് ചേർത്തല ആസ്ഥാനമായ അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ഗ്രീൻ ഗാർഡൻസ്) സന്ന്യാസ സഭയിലെ അംഗങ്ങളായ സിസ്റ്റർ പ്രീതി മേരി, സിസ്റ്റർ വന്ദന ഫ്രാൻസിസ് എന്നിവരെ അറസ്റ്റ് ചെയ്തത്. ഇവർക്കെതിരേ ഗുരുതരമായ വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്. സിസ്റ്റർ പ്രീതിയാണ് കേസിലെ ഒന്നാം പ്രതി. സിസ്റ്റർ വന്ദന രണ്ടാം പ്രതിയാണ്. മതപരിവർത്തന നിരോധന നിയമത്തിലെ വകുപ്പും സെക്ഷൻ 4,ബിഎൻഎസ് 143 എന്നീ വകുപ്പുകളാണ് ഇവർക്കെതിരേ ചുമത്തിയിരിക്കുന്നത്.

# മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ സമഗ്ര വികസനം യാഥാർഥ്യത്തിലേക്ക്

ആഴം കുറഞ്ഞതും അപകടങ്ങൾ പതിവായതുമായ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം സുരക്ഷിതവും ആധുനികവുമാക്കുന്നതിനുള്ള സമഗ്ര വികസന പദ്ധതി യാഥാർഥ്യത്തിലേക്ക് .വർഷങ്ങളായി മത്സ്യത്തൊഴിലാളികൾക്ക് വലിയ ഭീഷണിയായിരുന്ന മുതലപ്പൊഴിയിലെ അപകടങ്ങൾക്കും അശാസ്ത്രീയമായ നിർമ്മാണ രീതികൾക്കും ഇതോടെ ശാശ്വത പരിഹാരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജങ്ങടഥ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 177 കോടി രൂപ ചെലവഴിച്ചാണ് തുറമുഖം 'ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട്' നിലവാരത്തിലേക്ക് ഉയർത്തുന്നത്.മുതലപ്പൊഴിയിൽ നിലവിലുള്ള മത്സ്യബന്ധന തുറമുഖം 2020 ജൂൺ 3നാണ് കമ്മീഷൻ ചെയ്തത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മുതലപ്പൊഴി ഹാർബറിന്റെ തെക്കേ പുലി



മുട്ട് ഭാഗികമായി പൊളിച്ച് കല്ലുകൾ കടൽ മാർഗം കൊണ്ടുപോകുന്നതിന് അദാനി പോർട്സിന് സർക്കാർ അനുമതി നൽകിയിരുന്നു. തുറമുഖം കമ്മീഷൻ ചെയ്തതിന് ശേഷം വലിയ തോതിലുള്ള ഡ്രെഡ്ജിങ് നടത്തിയിട്ടും അപകടങ്ങളും മരണങ്ങളും വർദ്ധിച്ചു. ഈ സാഹചര്യത്തിൽ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കുന്നതിനുള്ള പഠനം സെൻട്രൽ വാട്ടർ പവർ റിസർച്ച് സ്റ്റേഷനെ ഏൽപ്പിച്ചു. അവരുടെ പഠന റിപ്പോർട്ട് അനുസരിച്ചാണ് തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ നിഷ്കർഷിച്ച 'ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട്' ഘടകങ്ങൾ ഉൾപ്പെടുത്തി 177 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിക്കുകയും ഇതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തത്.നിർമ്മാണം ആരംഭിക്കുന്ന സമഗ്ര വികസന പദ്ധതിയിൽ തെക്കേ പുലിമുട്ടിന്റെ നീളം 420 മീറ്റർ വർദ്ധിപ്പിക്കൽ, പുലിമുട്ടുകളുടെ അറ്റകുറ്റപ്പണികൾ, ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾ, പെരുമാതുറ ഭാഗത്തും താഴംപള്ളി ഭാഗത്തുമുള്ള വാർഫുകൾ, ഓക്ഷൻ ഹാളുകൾ എന്നിവയുടെ നീളം കൂട്ടൽ, കടമുറികൾ, ലോഡിംഗ് ഏരിയ, പാർക്കിംഗ് ഏരിയ, വിശ്രമമുറികൾ, ടോയ്‌ലറ്റ് ബ്ലോക്കുകൾ എന്നിവയുടെ നിർമ്മാണം, ആന്തരിക റോഡുകൾ, വൈദ്യുതീകരണ ജലവിതരണ സംവിധാനം എന്നിവയുടെ മെച്ചപ്പെടുത്തൽ, പരിസ്ഥിതി സൗഹൃദമായ 'ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട്' സംവിധാനങ്ങൾ തുടങ്ങിയ ഘടകങ്ങളാണ് ഉൾപ്പെടുന്നത്. പ്രധാന ഘടകമായ പുലിമുട്ടിന്റെ നീളം കൂട്ടുന്നതിനും അറ്റകുറ്റപ്പണികൾക്കുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പി.കെ.എം.കോ കൺസ്ട്രക്ഷൻസിന് നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഘടകങ്ങളുടെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ഈ സമഗ്ര വികസനം മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസവും സുരക്ഷിതത്വവും നൽകുമെന്നാണ് സർക്കാരിന്റെ വിലയിരുത്തലെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു.പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ജൂലൈ 31( വ്യാഴം) ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകുന്ന ചടങ്ങിൽ കേന്ദ്ര ഫിഷറീസ് വകുപ്പ് സഹ മന്ത്രി ജോർജ്ജ് കുര്യൻ വിശിഷ്ടാതിഥിയാകും.




രാജ്ഭവനിലേക്ക് മാർച്ച് നടത്തിയ ക്രൈസ്തവ സഭകൾ

## ചിന്നക്കനാൽ റിസോർട്ട് നിർമാണം: മാത്യു കുഴൽനാടനെ ഇഡി ഉടൻ ചോദ്യം ചെയ്തേക്കും

കൊച്ചി: ഇടുക്കി ചിന്നക്കനാൽ റിസോർട്ട് നിർമാണവുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാവും മൂവാറ്റുപുഴ എംഎൽഎയുമായ മാത്യു കുഴൽനാടനെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി) ഉടൻ ചോദ്യം ചെയ്തേക്കും. സ്ഥലം വാങ്ങിയതിൽ കള്ളപ്പണ ഇടപാട് നടന്നോയെന്ന് ഇഡി അന്വേഷണംആരംഭിച്ചിട്ടുണ്ട്.

റിസോർട്ട് നിർമാണത്തിന് സർക്കാർ സ്ഥലം കൈയേറിയെന്ന വിജിലൻസ് കേസിന്റെ അടിസ്ഥാനത്തിലാണ് ഇഡി അന്വേഷണം. കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ വിജിലൻസിൽനിന്ന് ഇഡി ശേഖരിച്ചിട്ടുണ്ട്. പ്രാഥമിക വിവരങ്ങളും ശേഖരിച്ചു.

2012ലാണ് ഒരേക്കർ സ്ഥലംവാങ്ങി റിസോർട്ട് നിർമിച്ചത്. ഇതിനോട്ചേർന്ന് അരയേക്കർ സർക്കാർ സ്ഥലം കൈയേറിയെന്ന് റവന്യൂ വകുപ്പ് കണ്ടെത്തിയതിന് പിന്നാലെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു.

അതേസമയം, തനിക്കെതിരേയുള്ള ഏത് അന്വേഷണത്തെയും സ്വാഗതം ചെയ്യുന്നതായി മാത്യു കുഴൽനാടൻ എംഎൽഎ പറഞ്ഞു. ഒളിഞ്ഞും തെളിഞ്ഞുമുള്ള അന്വേഷണത്തിന്റെ ആവശ്യമില്ല. നേരെതന്നെ അന്വേഷിക്കണം.

ജനങ്ങൾ കാണുന്നതിനും അപ്പുറമുള്ള അന്വേഷണമാണ് സർക്കാർ ഇതുവരെ നടത്തിക്കൊണ്ടിരുന്നത്. അതിൽ നിന്നൊന്നും യാതൊരു ക്രമക്കേടും കണ്ടെത്താനായില്ല.



# സാമൂതിരി ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ശിലാലിഖിതം കണ്ടെത്തി



മധ്യകാലത്ത് കോഴിക്കോട് പ്രദേശം അടക്കിവാണിരുന്ന സാമൂതിരി രാജവംശത്തിലെ മാനവിക്രമന്റെ പേര് പരാമർശിക്കുന്ന ശിലാലിഖിതം സംസ്ഥാന പുരാവസ്തു വകുപ്പ് കണ്ടെത്തി. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയ്ക്കടുത്ത് ആവള - കുട്ടോത്ത് നരസിംഹമൂർത്തി ക്ഷേത്രത്തിന്റെ ബലിക്കല്ലിലാണ് ലിഖിതം കൊത്തിവെച്ചിരിക്കുന്നത്. കാലം സൂചിപ്പിക്കാത്ത ഈ വട്ടെഴുത്ത് ലിഖിതം ലിപിശൈലിയുടെ അടിസ്ഥാനത്തിൽ 12-13 നൂറ്റാണ്ടിലേതാണെന്ന് കണക്കാക്കുന്നു. ആവള എന്ന് ഇന്നറിയപ്പെടുന്ന സ്ഥലത്തിന്റെ അക്കാലത്തെ പേര് അകവള എന്നായിരുന്നു എന്ന് ലിഖിതത്തിൽ നിന്ന് അറിയാം. അകവളയിലെ അധികാരരായിരുന്ന കേളിത്തനും അദ്ദേഹത്തിന്റെ ഇളയ സഹോദരനും ചേർന്ന് ക്ഷേത്രം നിർമ്മിച്ചതാണ് രേഖാ പരാമർശം. സഹോദരൻ മാനവിക്രമ രാജാവിന്റെ കീഴ്പടൈ നായരായിരുന്നു എന്നും രേഖയിൽ പറയുന്നു. സാമൂതിരിയുടെ ഉപസേനാധിപനായിരുന്നു അദ്ദേഹമെന്ന് കരുതാം. ഇതു കൂടാതെ മറ്റൊരു ലിഖിതവും ക്ഷേത്രത്തിലുണ്ട്. ക്ഷേത്രം നിർമ്മിച്ചവർ അമ്പലത്തിൽ നടത്തിയ ചില ഏർപ്പാടുകളാണ് ഈ ലിഖിതത്തിലുള്ളത്. ഒരു ശിലാപാളിയുടെ ഇരുവശങ്ങളിലുമായി വട്ടെഴുത്ത് ലിപിയിൽത്തന്നെയാണ് ഈ രേഖയുമുള്ളത്.പുരാവസ്തു വകുപ്പിലെ കോഴിക്കോട് പഴശ്ശി രാജാ മ്യൂസിയം ഓഫീസർ കെ. കൃഷ്ണരാജാണ് ലിഖിതം പകർത്തിയത്. സാമൂതിരി മാനവിക്രമന്റെ പേര് പരാമർശിക്കുന്ന പഴയ കാല ലിഖിതങ്ങളിൽ രണ്ടാമത്തേതാണ് ആവള ലിഖിതം എന്ന് കൃഷ്ണരാജ് പറഞ്ഞു. ആദ്യത്തേത് പൊതുവർഷം 1102 ലെ കൊല്ലം രാമേശ്വരം ക്ഷേത്ര ലിഖിതമാണ്. ചേരപ്പെരുമാളായ രാമകുല ശേഖരന്റെ ഈ ലിഖിതത്തിൽ 'ഏറനാട് വാഴ്കൈ മാനവിക്കിരമനായിന പൂന്തുറൈക്കോൻ' എന്ന് അന്തരിച്ച ചരിത്ര പണ്ഡിതൻ ഡോ. എം.ജി. എസ്. നാരായണൻ ആ ലിഖിതം വായിച്ചിട്ടുണ്ടെന്നും കൃഷ്ണരാജ് പറഞ്ഞു.

'മധ്യകാലഘട്ടത്തിന്റെ ആരംഭ നൂറ്റാണ്ടുകളിൽ സാമൂതിരിമാരെ സംബന്ധിക്കുന്നലിഖിതങ്ങൾ വളരെ അപൂർവമാണ്. ഏറനാടുടയവർ എന്ന് പരാമർശിക്കപ്പെടുന്ന കുറച്ചു ലിഖിതങ്ങളുണ്ട്. മാനവിക്രമനെ രാജാവായി വിശേഷിപ്പിക്കുന്നതിനാൽ ആവള ലിഖിതത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. കേരളോൽപ്പത്തിയിൽ കാണപ്പെടുന്ന പരമ്പരാഗത വിവരണം ഒഴികെ, കോഴിക്കോട് സാമൂതിരി വംശത്തിന്റെ ആവിർഭാവം ഇപ്പോഴും അവ്യക്തമായി തുടരുന്നു. ഈ സന്ദർഭത്തിൽ, സാമൂതിരിമാരുടെ ആദ്യകാല ചരിത്രത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയ്ക്ക് മൂല്യവത്തായ ഒരു കൂട്ടിച്ചേർക്കലായി ആവള ലിഖിതത്തെ കണക്കാക്കാ'മെന്ന് സാമൂതിരി ചരിത്രം ആഴത്തിൽ പഠിച്ചിട്ടുള്ള കോഴിക്കോട് സർവ്വകലാശാല ചരിത്ര വിഭാഗം പൊഫസർ ഡോ. വി.വി. ഹരിദാസ് അഭിപ്രായപ്പെട്ടു.പ്രശസ്ത ലിപി പണ്ഡിതനായ ഡോ. എം.ആർ. രാഘവവാരിയർ ക്ഷേത്രം സന്ദർശിച്ച് ലിഖിതങ്ങൾ പരിശോധിച്ചു. പുരാവസ്തു വകുപ്പിന്റെ പ്രസിദ്ധീകരണമായ കേരള ആർക്കിയോളജിക്കൽ സീരീസിന്റെ അടുത്ത ലക്കത്തിൽ ഈ സുപ്രധാന ലിഖിതങ്ങളുടെ വിസ്തരിച്ചുള്ള പഠനം ഉൾപ്പെടുത്തുമെന്ന് പത്രികയുടെ ഓണററി എഡിറ്റർ കൂടിയായ ഡോ. വാരിയർ പറഞ്ഞു.

# മന്ത്രി സജി ചെറിയാൻ മുതലപ്പൊഴി സന്ദർശിച്ചു; മുതലപ്പൊഴി നവീകരണ പദ്ധതിയുടെ തുടർ പ്രവൃത്തികൾ ആരംഭിക്കും

കഴക്കൂട്ടം: മുതലപ്പൊഴി തുറമുഖ നവീകരണ പദ്ധതിയുടെ നിർമാണോദ്ഘാടവുമായി ബന്ധപ്പെട്ടുള്ള ഒരുക്കങ്ങൾ അവലോകനം ചെയ്യാൻ മന്ത്രി സജി ചെറിയാൻ മുതലപ്പൊഴിയിലെത്തി. മുതലപ്പൊഴി അഴിമുഖത്തെ പദ്ധതി പ്രദേശങ്ങളും താഴംപള്ളിയിലെ വാർഫും ഉദ്ഘാടനവേദിയും താഴംപള്ളിയിൽ സ്ഥാപിക്കുന്ന ഗ്രോയിങ്ങുകളുടെ നിർമാണ പുരോഗതിയും മന്ത്രി വിലയിരുത്തി. തുടർന്ന് താഴംപള്ളി ഹാർബർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ ഫിഷറീസും ഹാർബർ എനജിനീയറിങ്ങും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി.

മുതലപ്പൊഴി നവീകരണ പദ്ധതിയുടെ തുടർ പ്രവൃത്തികൾ 31-ന് തന്നെ ആരംഭിക്കുമെന്നും ഇതിനോടൊപ്പം പതിനഞ്ച് ദിവസത്തിനുള്ളിൽ മുടങ്ങിക്കിടക്കുന്ന ഡ്രജ്ജിങ് പുനരാരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. അഴിമുഖത്ത് മീൻപിടിത്തത്തിനായി തടസ്സം നിൽക്കുന്ന മണൽ പൂർണമായും നീക്കം ചെയ്ത് അപകടരഹിതമാക്കും. ഇതിൽ മത്സ്യത്തൊഴിലാളികൾക്ക് ആശങ്കവേണ്ടെന്നും മന്ത്രി പറഞ്ഞു. അഞ്ചുതെങ്ങ് തീരം സംരക്ഷിക്കുന്നതിന് നാല്പത്താറ് കോടി രൂപ മുതൽമുടക്കിൽ നിർമിക്കുന്ന പത്ത് ഗ്രോയിങ്ങുകളെ കൂടാതെ അധികമായി അഞ്ചെണ്ണം കൂടി സ്ഥാപിയ്ക്കും. ഗ്രോയിങ്ങുകളുടെ എണ്ണം ഇനിയും വർധിപ്പിക്കേണ്ടതുണ്ടെങ്കിൽ അക്കാര്യം സംബന്ധിച്ച് വിശദമായ പഠനത്തിന് ഹാർബർ എൻജിനീയറിങ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 177 കോടിയുടെ തുറമുഖ നവീകരണ പ്രവൃത്തികൾ രണ്ടു വർഷത്തിനകം പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിക്കാലയളവിനുള്ളിൽ തന്നെ ഗ്രോയിങ്ങുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു. ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. അബ്ദുൽ വാഹിദ്, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലൈജു, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഷീജ മേരി, അഡീഷണൽ ഡെപ്യൂട്ടി ഡയറക്ടർ രാജേഷ്, ചീഫ് എൻജിനീയർ മുഹമ്മദ് അൻസാരി, എക്സിക്യൂട്ടീവ് എഞ്ചിനീയർ വിപിൻ. വി, ഫിഷറീസ് ഉദ്യോഗസ്ഥരായ സരിത, നിബിൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ഫാത്തിമ ശാക്കിർ, അൻസിൽ അൻസാരി, സൂസി ബിനു, മത്സ്യതൊഴിലാളികളായ ബിനു പീറ്റർ, തോപ്പിൽ നജീബ്, എ. ആർ നജീബ്, എം. എസ് ഇഖ്ബാൽ, ലിറ്റോ പുത്തൻതോപ്പ്, താഴംപള്ളി ലാസർ എന്നിവർ മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

# പത്താംക്ലാസ് വിദ്യാർഥിനി പ്രസവിച്ച സംഭവം; പിതാവ് അറസ്റ്റിൽ

കാസർഗോഡ്: പത്താംക്ലാസ് വിദ്യാർഥിനി വീട്ടിൽ പ്രസവിച്ച സംഭവത്തിൽ പിതാവിനെ അറസ്റ്റ് ചെയ്തു. ഹൊസ്ദുർഗ് പോലീസ് സ്റ്റേഷൻ പരിധിയിലാണു സംഭവം. കുടക് സ്വദേശിയായ 48 വയസ്സുകാരനാണ് അറസ്റ്റിലായത്. ഭാര്യയ്ക്കും മക്കൾക്കുമൊപ്പം വാടകവീട്ടിലായിരുന്നു ഇയാൾ താമസം. ഒരു മാസം മുൻപു ഗൾഫിലേക്കു കടന്നു.

പിതാവാണു പ്രതിയെന്നു കണ്ടെത്തിയ പോലീസ് ഇയാളോടു നാട്ടിലേക്കു വരാൻ ആവശ്യപ്പെടുകയായിരുന്നു. കഴിഞ്ഞദിവസം മംഗളൂരു വിമാനത്താവളത്തിലെത്തിയ പ്രതി ട്രെയിനിൽ നാട്ടിലേക്കു വരുന്നതിനിടെ പോലീസ് പിടികൂടുകയായിരുന്നു. ഒരാഴ്ച മുൻപാണു വീട്ടിൽ പ്രസവിച്ച 15 വയസുകാരിയെ രക്തസ്രാവത്തെ തുടർന്നു കാഞ്ഞങ്ങാട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പെൺകുട്ടിയുടെയും മാതാവിന്റെയും മൊഴിയെടുത്തെങ്കിലും പ്രതിയാരാണെന്ന് ഇരുവരും വ്യക്തമാക്കിയിരുന്നില്ല.

തുടർന്ന്, അന്വേഷണത്തിൽ പിതാവാണു പ്രതിയെന്നു കണ്ടെത്തുകയായിരുന്നു. പ്രതിയിൽനിന്ന് ഡിഎൻഎ പരിശോധനയ്ക്കായി സാംപിൾ ശേഖരിച്ചു.

# കൗണ്ട്ഡൗൺ തുടങ്ങി; നിസാർ വിക്ഷേപണം ഇന്ന്

ശ്രീഹരിക്കോട്ട: ഭൗമനിരീക്ഷണ ഉപഗ്രഹമായ നിസാർ ഇന്നു വിക്ഷേപിക്കും. വൈകുന്നേരം 5.40നാണ് നിസാറിനെയും വഹിച്ച് ഇന്ത്യയുടെ ജിഎസ്എൽവി-എഫ് 16 റോക്കറ്റ് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെൻററിൽനിന്നു കുതിക്കുക.

ചൊവ്വാഴ്ച ഉച്ചകഴിഞ്ഞു 2.10ന് നിസാർ ദൗത്യ വിക്ഷേപണത്തിനായുള്ള കൗണ്ട്ഡൗൺ ആരംഭിച്ചിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡൻറ് ഡൊണൾഡ് ട്രംപും കഴിഞ്ഞ ഫെബ്രുവരിയിൽ വാഷിംഗ്ടൺ ഡിസിയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്കിടെയുണ്ടായ ചർച്ചയെത്തുടർന്നാണ് ദൗത്യത്തിനു വേഗം കൈവന്നത്.

നാസയും ഐഎസ്ആർഒയും വികസിപ്പിച്ച രണ്ടു വ്യത്യസ്ത ആവൃത്തികളിൽ പ്രവർത്തിക്കുന്ന ഓരോ റഡാറുകളാണ് 2,392 കിലോഗ്രാം ഭാരമുള്ള നിസാറിന്റെ സവിശേഷത. 12 ദിവസത്തെ ഇടവേളകളിൽ ഭൂമിയിലെ ഓരോ സ്ഥലത്തിന്റെയും ഏറ്റവും വ്യക്തമായ വിവരങ്ങൾ രാപകൽ ഭേദമന്യേ ശേഖരിക്കാൻ ഇതിനാവും. ഭൂമിയിലെ ചെറിയ കാര്യങ്ങൾ വരെ ഇതു കണ്ടെത്തും. മഞ്ഞുപാളികളുടെ ചലനം, കപ്പൽ കണ്ടെത്തൽ, തീരദേശ നിരീക്ഷണം, കൊടുങ്കാറ്റുകളുടെ സ്വഭാവം, മണ്ണിന്റെ ഈർപ്പം മാറ്റങ്ങൾ, ഉപരിതല ജലസ്രോതസുകളുടെ മാപ്പിംഗ് നിരീക്ഷണം, പ്രകൃതിദുരന്ത സാധ്യതകൾ കണ്ടെത്താനും കാരണങ്ങൾ വിലയിരുത്താനും വേണ്ട വിലപ്പെട്ട വിവരങ്ങൾ ഉൾപ്പെടെ ലഭിക്കും. ഏകദേശം 1.5 ബില്യൺ ഡോളർ ചെലവിൽ നിർമിച്ച നിസാറിന്റെ ദൗത്യ ആയുസ് അഞ്ചു വർഷമാണ്.

# കേരള സർവകലാശാലയിലെ പ്രതിസന്ധി: അനുനയനീക്കവുമായി മന്ത്രി ബിന്ദു, വിസിയുമായി ചർച്ച നടത്തി

തിരുവനന്തപുരം: കേരള സർവകലാശാലയിലെ പ്രശ്നപരിഹാരത്തിന് അനുനയ നീക്കവുമായി ഉന്നത വിദ്യാഭ്യാസമന്ത്രി ആർ. ബിന്ദു, വൈസ് ചാൻസലറുമായി ചർച്ച നടത്തി. ടെലഫോണിലൂടെയാണ് ഇരുവരും സംസാരിച്ചത്.

രജിസ്ട്രാർ അനിൽകുമാറിന്റെ സസ്പെൻഷൻ അംഗീകരിക്കണമെന്നും അല്ലാതെയുള്ള വിട്ടുവീഴ്ചയ്ക്കു തയാറല്ലെന്നുമുള്ള നിലപാടാണ് വിസി ഡോ. മോഹനൻ കുന്നുമ്മേൽ ആവർത്തിച്ചത്. തന്റെ സസ്പെൻഷൻ സിൻഡിക്കേറ്റ് പിൻവലിച്ചെന്ന നിലപാടാണ് അനിൽകുമാർ സ്വീകരിച്ചിരിക്കുന്നത്.

സർവകലാശാലയിലെ ഫയലുകൾ ഇപ്പോഴും അനിൽകുമാർ പരിശോധിക്കുന്നുണ്ട്. എന്നാൽ ഈ ഫയലുകൾ നോക്കാൻ വിസി ഇതുവരെയും തയാറായിട്ടില്ല. അനിൽകുമാറിന് ഫയലുകൾ നൽകരുതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വിസി ഉത്തരവിട്ടുണ്ട്. ഉത്തരവ് മറികടന്ന് ഫയൽ നൽകിയാൽ ചട്ടലംഘനമാകുമെന്നു മുന്നറിയിപ്പും നൽകിയിട്ടുണ്ട്.

അതേസമയം വിസി നിയമിച്ച പുതിയ റജിസ്ട്രാറുടെ ചുമതലയുള്ള മിനി കാപ്പൻ നൽകുന്ന ഫയലുകളിലാണ് വിസി അംഗീകാരം നൽകുന്നത്. യൂണിവേഴ്സിറ്റി ഫണ്ടിനായി പത്ത് ലക്ഷം രൂപ അനുവദിക്കണമെന്ന ഫയലിൽ വിസി അംഗീകാരം നൽകി.

കേരള സർവകലാശാല സെനറ്റ് ഹാളിൽ നടന്ന സ്വകാര്യ പരിപാടിയിൽ ഭാരതാംബ ചിത്രം വച്ചതിനെ ചൊല്ലിയുള്ള സംഭവ വികാസങ്ങളാണ് റജിസ്ട്രാർക്കെതിരേ വിസി നടപടിയെടുക്കാൻ കാരണമായത്.

രജിസ്ട്രാറെ അനുകൂലിച്ച് ഇടത് സിൻഡിക്കേറ്റ് അംഗങ്ങളും വിസിയെ പിന്തുണച്ച് ഗവർണറും രംഗത്തുവന്നതോടെയാണു സർവകലാശാല ആസ്ഥാനം സംഘർഷഭരിതമായത്. വിസിക്കെതിരേ എസ്എഫ്ഐയും ഇടത് സിൻഡിക്കേറ്റും ഡിവൈഎഫ്ഐയും പ്രതിഷേധവുമായി രംഗത്തു വന്നതോടെ വിസി സർവകലാശാല ആസ്ഥാനത്ത് എത്താതെ മാറി നിന്നു.

ഇതു ഭരണപ്രതിസന്ധിക്ക് ഇടയാക്കിയിരുന്നു. ഒടുവിൽ സർക്കാരിന്റെ അഭ്യർഥന പ്രകാരമാണ് വി. സി. മോഹനൻ കുന്നുമ്മേൽ സർവകലാശാല ആസ്ഥാനത്തെത്തി ഫയൽ പരിശോധന നടത്തി ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ ഒപ്പിട്ടത്.

## വാഹനം വാടകയ്ക്ക്

വനിത ശിശു വികസന വകുപ്പിന്റെ തിരുവനന്തപുരം ജില്ലാതല ഐ സി ഡി എസ് സെൽ കാര്യാലയത്തിൽ കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് പ്രൊപ്പോസൽ ക്ഷണിച്ചു. വിശദാംശങ്ങൾക്ക്: 0471 2341001.

# റഷ്യയിൽ വൻ ഭൂചലനം; അമേരിക്കയിലും ജപ്പാനിലും സുനാമി മുന്നറിയിപ്പ്

ന്യൂഡൽഹി: റഷ്യയുടെ കിഴക്കൻ തീരത്ത് ശക്തമായ ഭൂചലനം. 8.7 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമാണുണ്ടായത്. ഇതേതുടർന്ന് അമേരിക്കയും ജപ്പാനും സുനാമി മുന്നറിയിപ്പ് നൽകി.

അലാസ്ക, ഹവായ് എന്നിവയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ സുനാമി ഉണ്ടായേക്കുമെന്നാണ് അമേരിക്കൻ അധികൃതർ മുന്നറിയിപ്പ് നൽകിയത്. ഹവായ്, റഷ്യ എന്നിവിടങ്ങളിൽ മൂന്ന് മീറ്റർ വരെ ഉയരമുള്ള തിരമാലകൾ ഉണ്ടാകുമെന്ന് യുഎസ് സുനാമി കേന്ദ്രം അറിയിച്ചതായി വാർത്താ ഏജൻസിയായ എഎഫ്പി റിപ്പോർട്ട് ചെയ്തു.

റഷ്യയിലെ കാംചത്ക ഉപദ്വീപിനടുത്ത് ശക്തമായ ഭൂകമ്പം ഉണ്ടായതായും സുനാമി മുന്നറിയിപ്പ് നൽകിയതായും ജപ്പാന്റെ കാലാവസ്ഥാ ഏജൻസി അറിയിച്ചു.

ഹൊക്കൈഡോയിൽ നിന്ന് ഏകദേശം 250 കിലോമീറ്റർ അകലെയായിരുന്നു ഭൂകമ്പം ഉണ്ടായതെന്നും നേരിയ തോതിൽ മാത്രമേ ഭൂകമ്പം അനുഭവപ്പെട്ടുള്ളൂവെന്നും ജപ്പാനിലെ എൻഎച്ച്കെ ടെലിവിഷൻ റിപ്പോർട്ട് ചെയ്യുന്നു.

'ഭൂകമ്പം ഗുരുതരവും പതിറ്റാണ്ടുകളിലെ ഭൂചലനങ്ങളിൽ ഏറ്റവും ശക്തവുമായിരുന്നുവെന്നും കാംചത്ക ഗവർണർ വ്ളാഡിമിർ സോളോഡോവ് ടെലിഗ്രാമിൽ പോസ്റ്റ് ചെയ്ത വീഡിയോയിൽ പറഞ്ഞു. പ്രാഥമിക വിവരങ്ങൾ പ്രകാരം ആളപായമൊന്നും സംഭവിച്ചിട്ടില്ലെങ്കിലും ഒരു കിൻറർ ഗാർഡന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

19.3 കിലോമീറ്റർ (12 മൈൽ) ആഴത്തിലുള്ള ഭൂകമ്പമാണ് ഉണ്ടായതെന്ന് യുഎസ് ജിയോളജിക്കൽ സർവേ അറിയിച്ചു, അവാച്ച ബേയുടെ തീരത്ത് 165,000 ജനസംഖ്യയുള്ള പെട്രോപാവ്ലോവ്സ്ക്-കാംചാറ്റ്സ്കിയുടെ കിഴക്ക്-തെക്കുകിഴക്കായി ഏകദേശം 125 കിലോമീറ്റർ (80 മൈൽ) ആയാണ് ഭൂകമ്പ പ്രഭവകേന്ദ്രം.

സുനാമി ഭീഷണിയെത്തുടർന്ന് ഉപദ്വീപിന് തെക്ക് ഭാഗത്തുള്ള സെവേറോ-കുറിൽസ്ക് എന്ന ചെറു പട്ടണത്തിൽ നിന്ന് ഒഴിഞ്ഞുപോകാൻ ഉത്തരവ് പ്രഖ്യാപിച്ചതായി സഖാലിൻ ഗവർണർ വലേരി ലിമറെങ്കോ ടെലിഗ്രാമിൽ പറഞ്ഞു.

32 മീറ്റർ വരെ ഉയരമുള്ള സുനാമി തിരമാല തീരത്ത് എത്താൻ സാധ്യതയുണ്ടെന്ന് റഷ്യയുടെ അടിയന്തര സേവന മന്ത്രാലയത്തിന്റെ കംചത്ക ബ്രാഞ്ച് ടെലിഗ്രാമിൽ പറഞ്ഞു.

# പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞൻ മേഘ്നാഥ് ദേശായ് അന്തരിച്ചു

ഗുരുഗ്രാം: പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞനും എഴുത്തുകാരനും ചിന്തകനുമായ മേഘ്നാഥ് ദേശായ് (85) ചൊവ്വാഴ്ച അന്തരിച്ചു. ആരോഗ്യപ്രശ്നങ്ങളെ തുടർന്ന് ഗുരുഗ്രാമിലെ ആശുപത്രിയിൽവെച്ചായിരുന്നു അന്ത്യം.

ഗുജറാത്തിൽ ജനിച്ച മേഘ്നാഥ് ദേശായി ബ്രിട്ടീഷ് പ്രഭുസഭയിൽ അംഗമാകുന്ന ആദ്യ ഇന്ത്യൻവംശജരിൽ ഒരാളാണ്. 2008-ൽ അദ്ദേഹത്തെ രാജ്യം പദ്മഭൂഷൺ നൽകി ആദരിച്ചിരുന്നു.

ഇന്ത്യ-യുകെ ബന്ധം ശക്തമാക്കുന്നതിൽ വലിയ പങ്കുവഹിച്ച മേഘ്നാഥ് ദേശായിയുടെ മരണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി എക്സിലൂടെ അനുശോചനം രേഖപ്പെടുത്തി.

ദേശായി, 1965 മുതൽ 2003 വരെ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ (എൽഎസ്ഇ) സാമ്പത്തികശാസ്ത്രം പഠിപ്പിക്കുകയും പിന്നീട് ആ സ്ഥാപനത്തിലെ എമെരിറ്റസ് പ്രൊഫസർ ഓഫ് ഇക്കണോമിക്സ് ആകുകയും ചെയ്തു.

1992-ൽ അദ്ദേഹം എൽഎസ്ഇയിൽ സെൻറർ ഫോർ ദി സ്റ്റഡി ഓഫ് ഗ്ലോബൽ ഗവർണൻസ് സ്ഥാപിച്ചു. എൽഎസ്ഇയുടെ ഡെവലപ്മെൻറ് സ്റ്റഡീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറും സ്ഥാപകാംഗവുമായിരുന്നു അദ്ദേഹം.

1971-ൽ ലേബർപാർട്ടിയിൽ ചേർന്ന അദ്ദേഹത്തെ 1991 ജൂണിൽ യുകെ പ്രഭുപദവി നൽകുകയും ലോർഡ് ദേശായി ഓഫ് സെൻറ് ക്ലെമൻറ് ഡേൻസ് എന്നപേരിൽ പ്രഭുസഭയിലേക്ക് ഉയർത്തുകയും ചെയ്തു.

1986 മുതൽ 1992 വരെ പാർട്ടിയുടെ ചെയർമാനായി സേവനമനുഷ്ഠിച്ചു. വർധിച്ചുവരുന്ന ജൂതവിരുദ്ധ വംശീയത ഫലപ്രദമായി നേരിടുന്നതിൽ ലേബർപാർട്ടി പരാജയപ്പെട്ടുവെന്ന കാരണത്താൽ 2020-ൽ അദ്ദേഹം പാർട്ടിവിട്ടു.

പിന്നീട് പ്രഭുസഭയിൽ ഒരു ക്രോസ്ബെഞ്ച് പിയർ ആയി. ഗാന്ധിപ്രതിമാ സ്മാരകട്രസ്റ്റിന്റെ സ്ഥാപകട്രസ്റ്റി എന്നനിലയിൽ ലണ്ടനിലെ പാർലമെൻറ് സ്ക്വയറിൽ മഹാത്മാഗാന്ധിയുടെ പ്രതിമ സ്ഥാപിക്കുന്നതിൽ അദ്ദേഹം വലിയ പങ്കുവഹിച്ചു. 1970-കളുടെ തുടക്കത്തിൽ അദ്ദേഹം മാർക്സിയൻ സാമ്പത്തികസിദ്ധാന്തത്തെക്കുറിച്ചുള്ള രചനകൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി. പിന്നീട് അദ്ദേഹത്തിന്റെ അക്കാദമിക് പഠനങ്ങൾ ഇക്കണോമെട്രിക്സ്, മോണിറ്ററിസം, സാമ്പത്തികവികസനം എന്നിവയിലേക്കും വ്യാപിച്ചു.

'മാർക്സിയൻ ഇക്കോണമിക് തിയറി', 'ദി റീ ഡിസ്കവറി ഓഫ് ഇന്ത്യ', 'ഹൂ റോട്ട് ദി ഭഗവദ്ഗീത', 'നെഹ്റുസ് ഹീറോ ദിലീപ്കുമാർ' തുടങ്ങിയ ശ്രദ്ധേയമായ കൃതികൾ രചിച്ചു. 200-ലധികം അക്കാദമിക് ലേഖനങ്ങളും അദ്ദേഹത്തിന്റെ സംഭാവനകളിൽ ഉൾപ്പെടുന്നു.

# തെരുവ് നായ്ക്കളുടെ ആക്രമണം; നടക്കാനിറങ്ങിയ വയോധികൻ മരിച്ചു

ബംഗളൂരു: കർണാടകയിൽ തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ വയോധികൻ മരിച്ചു. കൊഡിഗെഹള്ളിയിലാണ് സംഭവം. 70കാരനായ സീതപ്പയാണ് മരിച്ചത്. രാത്രി ഉറക്കം വരാതിരുന്നതിനെ തുടർന്ന് നടക്കാനിറങ്ങിയ സീതപ്പയെ എട്ട് തെരുവ് നായ്ക്കൾ ആക്രമിക്കുകയായിരുന്നു.

ആക്രമണത്തിൽ സീതപ്പയുടെ കൈകൾക്കും കാലുകൾക്കും മുഖത്തിനും ഗുരുതരമായി പരിക്കേറ്റു. ബഹളം കേട്ട് ഓടിയെത്തിയ കുടുംബാംഗങ്ങളാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ചികിത്സയിലിരിക്കെയാണ് അദ്ദേഹം മരിച്ചത്. സംഭവത്തിൽ കൊഡിഗെഹള്ളി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. സംഭവത്തിൽ അസ്വാഭാവിക മരണ റിപ്പോർട്ട് (യുഡിആർ) ഫയൽ ചെയ്തിട്ടുണ്ട്.

# മധ്യപ്രദേശിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ വർധിക്കുന്നു; രേഖകൾ നിയമസഭയിൽ

ഭോപ്പാൽ: മധ്യപ്രദേശിൽ സ്ത്രീകളും പ്രായപൂർത്തിയാക്കാത്തവരും ഉൾപ്പടെ 23,000ത്തിലധികം പേരെ കാണാതായിട്ടുണ്ടെന്ന് സർക്കാർ നിയമസഭയിൽ. 2024 ജനുവരി ഒന്നിനും 2025 ജൂൺ 30 നും ഇടയിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പീഡന, ലൈംഗീകാതിക്രമ കേസുകളെക്കുറിച്ചുള്ള വിവരങ്ങളും, കാണാതായ സ്ത്രീകളുടെയും പെൺകുട്ടികളുടെയും എണ്ണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരങ്ങളും ആവശ്യപ്പെട്ട് മുതിർന്ന കോൺഗ്രസ് എംഎൽഎ ബാല ബച്ചൻ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയായാണ് സർക്കാർ ഈ കണക്ക് പുറത്തുവിട്ടത്. പീഡനം, സ്ത്രീകൾക്കെതിരായ മറ്റ് കുറ്റകൃത്യങ്ങൾ എന്നിവയിൽ ഉൾപ്പെട്ട 1,500 പ്രതികൾ ഒളിവിലാണെന്നും സർക്കാർ കൂട്ടിച്ചേർത്തു.

ഒരു മാസത്തിലേറെയായി എത്ര പെൺകുട്ടികളെ കാണാതായി, എത്ര പ്രതികളെ അറസ്റ്റ് ചെയ്തു, എത്ര പേർ ഇപ്പോഴും ഒളിവിലാണെന്ന് വ്യക്തമാക്കണമെന്നും മുൻ ആഭ്യന്തരമന്ത്രി ബാല ബച്ചൻ നിയമസഭയിൽ ആവശ്യപ്പെട്ടു.

കൂടാതെ, ഒളിവിൽ കഴിയുന്നവരെ എപ്പോൾ അറസ്റ്റ് ചെയ്യുമെന്നും ജോലി കൃത്യമായി ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 2025 ജൂൺ 30 വരെ, ആകെ 21175 സ്ത്രീകളെയും 1954 പെൺകുട്ടികളെയും കാണാതായിട്ടുണ്ടെന്ന് ഔദ്യോഗിക രേഖകൾ ഹാജരാക്കി മുഖ്യമന്ത്രി മോഹൻ യാദവ് നിയമസഭയിൽ അറിയിച്ചു. സർക്കാർ കണക്കുകൾ പ്രകാരം, പീഡനക്കേസിൽ 292 പുരുഷന്മാരും പ്രായപൂർത്തിയാകാത്ത കുട്ടികളെ പീഡിപ്പിച്ച 283 പേരും ഇപ്പോഴും ഒളിവിലാണ്. സ്ത്രീകളുടെയും പെൺകുട്ടികളുടെയും തിരോധാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 320 പ്രതികളുണ്ടെന്നും സർക്കാർ കണക്കുകൾ വ്യക്തമാക്കുന്നു.

# കണ്ടന്റ് ഡെവലപർ ഒഴിവ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എൻ.എം.സി.എൻ പ്രോജക്ടിൽ കണ്ടന്റ് ഡെവലപ്പർ തസ്തികയിൽ കരാർ നിയമനം നടത്തും. ഒരു ഒഴിവാണുള്ളത്. ഐ ടിയിൽ ബി.എസ്.സി അല്ലെങ്കിൽ ബി.ടെക് ആണ് യോഗ്യത. പ്രതിമാസ വേതനം 50,000 രൂപ. ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ സഹിതം ആഗസ്റ്റ് 4 ഉച്ചയ്ക്ക് 12 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം.

# 'നല്ല സിനിമ നല്ല നാളെ' ലക്ഷ്യമാക്കി ചലച്ചിത്രനയ രൂപീകരണത്തിന് കേരള ഫിലിം പോളിസി കോൺക്ലേവ്

സംസ്ഥാന സർക്കാരിന്റെ സിനിമാനയ രൂപീകരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന കേരള ഫിലിം പോളിസി കോൺക്ലേവിന്റെ തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നതായി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ കെ. മധു അറിയിച്ചു. നല്ല സിനിമ നല്ല നാളെ എന്ന ലക്ഷ്യത്തോടെ ജനാധിപത്യത്തിലൂന്നി പങ്കാളിത്തത്തിലൂടെ കേരള ചലച്ചിത്ര നയം രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓഗസ്റ്റ് 2, 3 തിയതികളിലായി കേരള നിയമസഭാ സമുച്ചയത്തിലെ ആർ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടത്തുന്ന കോൺക്ലേവ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ജർമ്മനി, യുകെ, പോളണ്ട്, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഫിലിം പ്രതിനിധികളുണ്ടാകും. എൻഎഫ്ഡിസി മാനേജിങ് ഡയറക്ടർ പ്രകാശ് മഖ്തും, കെ ആർ നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സയീദ് അക്തർ മിർസ, സുഹാസിനി മണിരത്നം, ഹൻസൽ മെഹ്ത, റസൂൽ പൂക്കുട്ടി, ആശിഷ് കുൽകർണി, ഉദയ് കൗശിഷ്, സൊനാലി ബാവ, അഭിജിത് ദേശ്പാണ്ഡെ, രേവതി തുടങ്ങിയവർ പാനലിസ്റ്റുകളാകും.

സിനിമയുടെ വിവിധ വശങ്ങൾ സമഗ്രമായി ചർച്ച ചെയ്യുന്ന കോൺക്ലേവിൽ സിനിമാ മേഖലയുമായി ബന്ധപ്പെട്ട ഒൻപതോളം വിഷയങ്ങളിൽ ചർച്ചകൾ നടത്തും. മലയാളസിനിമയിൽ ലിംഗനീതിയും ഉൾക്കൊള്ളലും, തൊഴിൽ–കരാർ–പണിയിടം, നിയമപരമായ ചട്ടക്കൂടുകളും സന്തുലിതമായ പരാതി പരിഹാര സംവിധാനവും, നാളെകളിലെ സാങ്കേതികവിദ്യയും നൈപുണ്യ വികസനവും, പ്രാദേശിക കലാകാരന്മാരെയും മലയാളത്തിലുള്ള സ്വതന്ത്ര സിനിമയെയും ശാക്തീകരിക്കൽ, തിയേറ്ററുകൾ - ഇ-ടിക്കറ്റിംഗ് - വിതരണക്കാർ - പ്രദർശകർ: മലയാള സിനിമയുടെ തിയേറ്റർ രംഗത്തിന്റെ കാര്യക്ഷമതയ്ക്കുള്ള വിപണി അധിഷ്ഠിത പരിഷ്കാരങ്ങൾ, സുഗമമായ ചലച്ചിത്ര നിർമ്മാണവും സൗകര്യമൊരുക്കലും, സിനിമാ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും പൈതൃക ആർക്കൈവുകളുടെ വികസനവും, ഫിലിം ടൂറിസം-സോഫ്റ്റ് ഇക്കണോമിക് പവർ - ആഗോളവ്യാപകമായ നിർമാണം എന്നിവയ്ക്കായി മലയാള സിനിമയെ ഉപയോഗപ്പെടുത്തുക, ചലച്ചിത്ര വിദ്യാഭ്യാസവും സമൂഹപങ്കാളിത്തവും - ചലച്ചിത്രമേളകൾ, ഫിലിം സോസൈറ്റികൾ എന്നിവയുടെ പങ്ക് എന്നീ വിഷയങ്ങളിൽ ആണ് ചർച്ചകൾ.

വിവിധ വിഷയങ്ങളിൽ ആരോഗ്യ വനിതാ ശിശുക്ഷേമ മന്ത്രി വീണാ ജോർജ്, പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ്, വനിതാ കമ്മീഷൻ അധ്യക്ഷ അഡ്വ പി സതീദേവി, സമൂഹിക നീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അദീല അബ്ദുള്ള, നിർമ്മാതാവ് ജി സുരേഷ് കുമാർ, ഫെഫ്ക ജനറൽ സെക്രട്ടറി ബി ഉണ്ണികൃഷ്ണൻ, മുതിർന്ന മാധ്യമ പ്രവർത്തകൻ ശശികുമാർ, സംവിധായകരായ ജി.കെ രാജീവ് കുമാർ, ഡോ ബിജുകുമാർ ദാമോദരൻ, വി.സി അഭിലാഷ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. പൊതുവിദ്യാഭ്യാസ സെക്രട്ടറി കെ.വാസുകി, സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ എസ്. അയ്യർ, സരസ്വതി നാഗരാജൻ, സ്വപ്ന ഡേവിഡ്, ആർ പാർവതിദേവി, എം.വി നികേഷ് കുമാർ തുടങ്ങിയവർ സെഷനുകൾ മോഡറേറ്റ് ചെയ്യും. ഇന്ത്യയിൽ ഇതിനോടകം സിനിമാനയം രൂപീകരിച്ച സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകൾ, നാഷണൽ ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ഇൻഫർമേഷൻ ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം, കേന്ദ്ര സാംസ്കാരിക ടൂറിസം മന്ത്രാലയം തുടങ്ങിയ ഇടങ്ങളിൽ നിന്നായി അഞ്ഞൂറോളം പ്രതിനിധികൾ കോൺക്ലേവിൽ പങ്കെടുക്കും. ചർച്ചയിൽ ഉയർന്നുവരുന്ന ആശയങ്ങൾ കൂടി പരിഗണിച്ചാകും സിനിമാ നയത്തിന് അന്തിമരൂപം കൊടുക്കുക.

ആദ്യ ദിനം ഉച്ചയ്ക്ക് ശേഷം പ്ലീനറി സെഷനും തുടർന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ സെഷനുകളെ വിലയിരുത്തിയുള്ള റിപ്പോർട്ടും അവതരിപ്പിക്കും. വൈകുന്നേരം പ്രതിനിധികൾക്കായി അവതരിപ്പിക്കുന്ന ഭരതനാട്യ കച്ചേരി അരങ്ങേറും. രണ്ടാം ദിനം വൈകിട്ട് നടക്കുന്ന സമാപന സമ്മേളനം അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ റിപ്പോർട്ട് അവതരിപ്പിക്കും.

സിനിമയെ സംബന്ധിച്ച് സർക്കാരിന്റെ സമഗ്രവും വികസനോന്മുഖവുമായ കാഴ്ചപ്പാടിനെ പിൻപറ്റിയാണ് സിനിമാ നയ രൂപീകരണം എന്ന ആശയം ഉടലെടുത്തത്. അടൂർ കമ്മിറ്റിയുടേത് അടക്കമുള്ള റിപ്പോർട്ടുകൾ സിനിമാ നയം രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. 2023 ജൂണിൽ സിനിമാ നയത്തിനായി ഒരു പാനൽ രൂപീകരിച്ചിരുന്നു. 75 ഓളം വിഷയങ്ങളിലായി സിനിമയിലെ സമഗ്ര മേഖലകളിലെയും സംഘടനകളും വ്യക്തികളുമായി കേരളത്തിലുടനീളം വിപുലമായ ചർച്ചകൾ നടത്തിയിരുന്നു. കോൺക്ലേവിനെ തുടർന്ന് സിനിമാ നയത്തിന്റെ കരടുരൂപം കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.വാർത്താസമ്മേളനത്തിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, ചലച്ചിത്ര പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ കെ. മധുപാൽ, കെഎസ്എഫ്ഡിസി മാനേജിംഗ് ഡയറക്ടർ പ്രിയദർശനൻ പി. എസ്, കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ് എന്നിവരും സംസാരിച്ചു.



സഹകരണ മേഖലയിലെ പെൻഷൻകാരുടെ ബയോമെട്രിക് മസ്റ്ററിംഗ്, ഇ-ഓഫീസ് എന്നിവയുടെ ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ നിർവഹിക്കുന്നു

# സഹകരണ പെൻഷൻകാരുടെ ആവശ്യങ്ങൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം: മന്ത്രി വി എൻ വാസവൻ

സഹകരണ പെൻഷൻകാരുടെ ആവശ്യങ്ങൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും സഹകരണ മേഖലയിൽ നടത്തിവരുന്ന ആധുനീകരണ പ്രവർത്തനങ്ങൾ സഹകരണ പെൻഷൻകാരിലേക്കും എത്തുകയാണെന്നും സഹകരണ - തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് നടപ്പിലാക്കിയ സഹകരണ മേഖലയിലെ പെൻഷൻകാരുടെ ബയോമെട്രിക് മസ്റ്ററിംഗ്, ഇ-ഓഫീസ് എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.സഹകരണ മേഖലയിലെ പെൻഷൻ വിതരണം സുഗമമാക്കുക എന്ന പെൻഷൻകാരുടെ ദീർഘകാല ആവശ്യം കൂടിയാണ് ഇന്ന് സാക്ഷാത്ക്കരിക്കപ്പെടുന്നത്. പെൻഷൻകാർക്ക് വർഷത്തിലൊരിക്കൽ സമർപ്പിക്കേണ്ട ലൈഫ് സർട്ടിഫിക്കറ്റ് ഇനി മുതൽ ആധാർ അടിസ്ഥാനമാക്കിയ ബയോമെട്രിക് സംവിധാനമായ 'ജീവൻ രേഖ' പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കാം. അക്ഷയ കേന്ദ്രങ്ങളിൽ ഒന്നിലധികം തവണ പോകണമെന്നുള്ളതും കൃത്യസമയത്ത് ഒടിപി ലഭ്യമാകുന്നില്ല എന്നതുമടക്കം നിരവധിയായ ബുദ്ധിമുട്ടുകൾ ഈ സംവിധാനത്തിലൂടെ മാറും. കിടപ്പുരോഗികൾക്ക് വീട്ടിൽ നിന്നുതന്നെ ഈ പ്രക്രിയ പൂർത്തിയാക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

പെൻഷൻ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഇ-ഓഫീസ് പ്ലാറ്റ്ഫോമിലേക്ക് മാറുകയാണ്. പെൻഷൻ ബോർഡിന്റെ മുഴുവൻ സേവനങ്ങളും, അംഗത്വം നൽകൽ മുതൽ ഫണ്ട് അടയ്ക്കൽ, പെൻഷൻ അനുവദിക്കൽ വരെ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യപ്പെടുകയാണ്. നവീകരിച്ച വെബ്സൈറ്റ് വഴി പെൻഷൻകാർക്കും പൊതുജനങ്ങൾക്കും ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാകും. സഹകരണ പെൻഷൻകാരുടെ ദീർഘകാല ആവശ്യമായ മെഡിക്കൽ അലവൻസ് വർദ്ധന, പെൻഷൻകാർക്കുള്ള അലവൻസ് വർദ്ധനവ്, ഇതര സഹകരണ പെൻഷൻകാർക്കുള്ള തുക 500 ആക്കി വർദ്ധിപ്പിക്കൽ, ആശ്വാസ് പെൻഷൻ തുക വർദ്ധനവ് എന്നിവ സംസ്ഥാന സർക്കാർ അനുഭാവപൂർവ്വം നടപ്പിലാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സഹകരണ മേഖലയിലെ മുതിർന്ന പെൻഷൻകാരെ മന്ത്രി ചടങ്ങിൽ ആദരിച്ചു.

ജവഹർ സഹകരണ ഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആന്റണി രാജു എംഎൽഎ അധ്യക്ഷത വഹിച്ചു. സഹകരണ സംഘം രജിസ്ട്രാർ ഡോ.ഡി. സജിത് ബാബു, പെൻഷൻ ബോർഡ് ചെയർമാൻ ആർ. തിലകൻ, അഡീഷണൽ രജിസ്ട്രാർ ആർ. ശിവകുമാർ, സഹകരണ ഓഡിറ്റ് ഡയറക്ടർ ഷെറിൻ എം.എസ്, പെൻഷൻ ബോർഡ് ഡയറക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.

# ഫീസ് ഒടുക്കുന്ന തീയതി നീട്ടി

സ്കോൾ–കേരള - ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീ സ്കൂൾ മാനേജ്മെന്റ് കോഴ്സ് ആദ്യ ബാച്ചിൽ പ്രവേശനം നേടി കോഴ്സ് ഫീസിന്റെ ഒന്നാം ഗഡു മാത്രം ഒടുക്കിയ പഠിതാക്കൾക്ക് രണ്ടാം ഗഡു ഫീസ് പിഴയോടുകൂടി ഒടുക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു. 100 രൂപ പിഴയോടുകൂടി ആഗസ്റ്റ് 14 വരെ www.scolekerala.org -യിൽ 'ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീ സ്കൂൾ മാനേജ്മെന്റ്' ലിങ്ക് മുഖേന ഓൺലൈനായി അടയ്ക്കാം. ഫീസ് ഒടുക്കിയ രസീത് സംസ്ഥാന ഓഫീസിൽ ലഭ്യമാക്കണം.

# അനുഭവിക്കുന്നത് വിദ്യാർഥികൾ; സ്ഥിരം വിസിമാർ വേണം, നിയമനങ്ങളിൽ രാഷ്ട്രീയം കലർത്തരുത്: സുപ്രിംകോടതി

ന്യൂഡൽഹി: ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിൽ ഉടൻ സ്ഥിരം വൈസ് ചാൻസലർമാരെ നിയമിക്കണമെന്ന് സുപ്രീംകോടതി. അതുവരെ താൽക്കാലിക വിസിമാർക്ക് തുടരാമെന്നും കോടതി വ്യക്തമാക്കി. വിസി നിയമനത്തിനായി ഗവർണർക്ക് വിജ്ഞാപനം ഇറക്കാം. വിസി നിയമനത്തിൽ രാഷ്ട്രീയം കലർത്തരുതെന്നും സർക്കാറും ഗവർണറും യോജിച്ച് പ്രവർത്തിക്കണമെന്നും സുപ്രീം കോടതി പറഞ്ഞു.

തർക്കങ്ങളിൽ അനുഭവിക്കുന്നത് വിദ്യാർഥികളാണ്. വിസിമാരില്ലാതെ എങ്ങനെ സർവകലാശാല മുന്നോട്ടു പോകും. വിദ്യാഭ്യാസ വിഷയങ്ങൾ കോടതിയിലെത്തുന്നത് വേദനാജനകമാണ്. ഗവർണറും സംസ്ഥാന സർക്കാരും തമ്മിലുള്ള തർക്കത്തിൽ സർവകലാശാലകളുടെ പ്രവർത്തനം സതംഭനാവസ്ഥയിലാകരുതെന്നും സുപ്രീം കോടതി പറഞ്ഞു. കേരള സാങ്കേതിക സർവകലാശാലയിലെയും ഡിജിറ്റൽ സർവകലാശാലയിലെയും താത്കാലിക വിസി നിയമനം റദ്ദാക്കിയ ഹൈക്കോടതി വിധി ചോദ്യംചെയ്ത് ചാൻസലറായ ഗവർണർ നൽകിയ ഹർജി പരിഗണിക്കവെയാണ് സുപ്രീം കോടതിയുടെ സുപ്രധാനമായ നിരീക്ഷണം. താത്കാലിക വിസിക്ക് കാലാവധി ആറുമാസം മാത്രമെന്ന് കേരളം പറഞ്ഞു. വിസി ഓഫീസ് ഒഴിഞ്ഞ് കിടക്കുവാണോ എന്ന് കോടതി ചോദിച്ചു. വിസി നിയമനത്തിനായി ചാൻസലർ സർക്കാരുമായി കൂടിയാലോചിക്കണമെന്നും കോടതി പറഞ്ഞു. മുമ്പ് താത്കാലിക വൈസ് ചാൻസലർമാരായിരുന്ന സിസ തോമസിനെയും ശിവപ്രസാദിനെയും വീണ്ടും താത്കാലിക വൈസ് ചാൻസലറായി നിയമിച്ച് ചാൻസലർക്ക് ഉത്തരവിറക്കാമെന്നും ജസ്റ്റീസുമാരായ ജെ. ബി. പർദിവാല, ആർ. മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

ഗവർണർക്കുവേണ്ടി അറ്റോർണി ജനറൽ ആർ. വെങ്കിട്ട രമണ, അഭിഭാഷകൻ ടി. ആർ. വെങ്കിട്ട സുബ്രഹ്മണ്യം എന്നിവർ ഹാജരായി. സംസ്ഥാന സർക്കാരിന് വേണ്ടി മുതിർന്ന അഭിഭാഷകൻ ജയ്ദീപ് ഗുപ്ത, സ്റ്റാൻഡിംഗ് കോൺസൽ സി. കെ. ശശി എന്നിവരാണ് ഹാജരായത്.

# ടെക്നോപാർക്കിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് 365 ദിവസത്തിനകം കെട്ടിടം നിർമ്മിക്കാൻ കാസ്പിയൻ ടെക് പാർക്ക്സ്

തിരുവനന്തപുരം: കൊച്ചി ആസ്ഥാനമായുള്ള ഐടി ഡെവലപ്പർ കമ്പനിയായ കാസ്പിയൻ ടെക് പാർക്ക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ടെക്നോപാർക്ക് ഫേസ് വൺ കാമ്പസിലെ 81.42 സെൻറ് സ്ഥലത്ത് ആധുനിക നിർമ്മാണ സാങ്കേതികവിദ്യ ഉപയോഗിച്ച് ഐടി കെട്ടിടം നിർമ്മിക്കും.

ഇലക്ട്രോണിക്സ് ആൻഡ് ഐടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവുവിൻറെ സാന്നിധ്യത്തിൽ സെക്രട്ടറിയേറ്റിലെ ചേംബറിൽ വച്ച് നിർമ്മാണ പദ്ധതിക്കായുള്ള ലെറ്റർ ഓഫ് ഇൻറൻറ് ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട) കാസ്പിയൻ ടെക് പാർക്ക്സ് ഇന്ത്യയുടെ എംഡി തോമസ് ചാക്കോയ്ക്ക് കൈമാറി.81.42 സെൻറ് സ്ഥലത്ത് ഓഫീസ് സ്പേസും കോ-വർക്കിംഗ് സ്പേസും നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് കരാർ.

തലസ്ഥാന നഗരിയിലെ ഐടി മേഖലയിലേയ്ക്ക് പ്രവേശിക്കുന്ന കമ്പനിയ്ക്ക് ടെക്നോപാർക്ക് ഫേസ് 4 ലെ വരാനിരിക്കുന്ന അവസരങ്ങളും പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന് കമ്പനിയെ സ്വാഗതം ചെയ്തുകൊണ്ട് സീറാം സാംബശിവ റാവു പറഞ്ഞു.ഇൻഫോപാർക്കിലും കൊച്ചിയിലെ സ്മാർട്ട്സിറ്റിയിലും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ പരിഗണിച്ചാണ് കമ്പനിയെ തെരഞ്ഞെടുത്തതെന്ന് കേണൽ സഞ്ജീവ് നായർ പറഞ്ഞു. ഈ മേഖലയിലെ കമ്പനിയുടെ വൈദഗ്ധ്യവും പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കാനുള്ള കഴിവും ഈ നിർമ്മാണത്തിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം കൂട്ടിച്ചേർത്തു.

ടെക്നോപാർക്കിൻറെ ആവശ്യാനുസരണം നിർമ്മിക്കുന്ന കെട്ടിടത്തിൻറെ രൂപരേഖ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കുമെന്നും ഒരു വർഷത്തിനുള്ളിൽ പദ്ധതി നടപ്പാക്കുമെന്നും കാസ്പിയൻ ടെക് പാർക്ക്സ് ഇന്ത്യയുടെ എംഡി തോമസ് ചാക്കോ പറഞ്ഞു.

ടെക്നോപാർക്ക് സിടിഒ മാധവൻ പ്രവീൺ, ടെക്നോപാർക്ക് മാർക്കറ്റിംഗ് ആൻഡ് കസ്റ്റമർ റിലേഷൻഷിപ്പ് ഡെപ്യൂട്ടി വൈസ് പ്രസിഡൻറ് വസന്ത് വരദ, സിഎഫ്ഒ വിപിൻ കുമാർ എസ്, സീനിയർ മാർക്കറ്റിംഗ് മാനേജർ ജോർജ് ജേക്കബ്, കാസ്പിയൻ ടെക് പാർക്ക്സ് ഡയറക്ടർ ഉണ്ണിയമ്മ തോമസ്, അഡ്മിൻ ആൻഡ് പിആർ ജനറൽ മാനേജർ റെജി കെ തോമസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



ടെക്നോപാർക്ക് ഫേസ് വൺ കാമ്പസിൽ ഐടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ലെറ്റർ ഓഫ് ഇൻറൻറ് ഇലക്ട്രോണിക്സ് ആൻഡ് ഐടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവുവിൻറെ സാന്നിധ്യത്തിൽ ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട) കാസ്പിയൻ ടെക് പാർക്ക്സ് ഇന്ത്യയുടെ എംഡി തോമസ് ചാക്കോയ്ക്ക് കൈമാറുന്നു. ടെക്നോപാർക്ക് സിടിഒ മാധവൻ പ്രവീൺ, ടെക്നോപാർക്ക് മാർക്കറ്റിംഗ് ആൻഡ് കസ്റ്റമർ റിലേഷൻഷിപ്പ് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് വസന്ത് വരദ, സിഎഫ്ഒ വിപിൻ കുമാർ എസ്, സീനിയർ മാർക്കറ്റിംഗ് മാനേജർ ജോർജ് ജേക്കബ്, കാസ്പിയൻ ടെക് പാർക്ക്സ് ഡയറക്ടർ ഉണ്ണിയമ്മ തോമസ്, അഡ്മിൻ ആൻഡ് പിആർ ജനറൽ മാനേജർ റെജി കെ തോമസ് എന്നിവർ സമീപം.

# കന്യാസ്ത്രീകളുടെ ജാമ്യാപേക്ഷ പരിഗണിച്ചില്ല; കേസ് എൻഐഎ കോടതിയിലേക്ക്; ഇരുവരും ജയിലിൽ തുടരും

റായ്പൂർ: ഛത്തീസ്ഗഡിൽ മനുഷ്യക്കടത്തും നിർബന്ധിത മതപരിവർത്തനവും ആരോപിച്ച് അറസ്റ്റിലായ മലയാളി കന്യാസ്ത്രീകളുടെ ജാമ്യാപേക്ഷ ദുർഗ് സെഷൻസ് കോടതി പരിഗണിച്ചില്ല. കേസ് ബിലാസ്പൂർ എൻഐഎ കോടതിയിലേക്ക് മാറ്റി.

കന്യാസ്ത്രീകൾക്കെതിരേ ചുമത്തപ്പെട്ട വകുപ്പുകൾ ഗുരുതരമാണ്. ഈ സാഹചര്യത്തിൽ ജാമ്യാപേക്ഷ പരിഗണിക്കാൻ സാധിക്കില്ലെന്ന് കോടതി പറഞ്ഞു. സാധാരണഗതിയിൽ ഇത്തരം കേസുകൾ പരിഗണിക്കുന്നത് എൻഐഎ കോടതിയാണെന്നും കോടതി നിരീക്ഷിച്ചു.

കന്യാസ്ത്രീകൾക്കായി ദുർഗിലെ പ്രമുഖ അഭിഭാഷകൻ അഡ്വ. രാജ്കുമാർ തിവാരിയാണ് ഹാജരായത്. കന്യാസ്ത്രീകളുടെ ജാമ്യാപേക്ഷ മജിസ്ട്രേറ്റ് കോടതി തള്ളിയതോടെയാണ് സെഷൻസ് കോടതിയെ സമീപിച്ചത്. ഇതിനിടെ നിയമ, വനിത വകുപ്പുകൾ കൈകാര്യം ചെയ്യുന്ന വൈദികരും കന്യാസ്ത്രീകളും അടങ്ങുന്ന സിബിസിഐ സംഘവും റായ്പുരിൽ എത്തിയിട്ടുണ്ട്.

മതപരിവർത്തനം നടത്താൻ പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകുന്നു എന്നാരോപിച്ചാണ് ചേർത്തല ആസ്ഥാനമായ അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ഗ്രീൻ ഗാർഡൻസ്) സന്ന്യാസ സഭയിലെ അംഗങ്ങളായ സിസ്റ്റർ പ്രീതി മേരി, സിസ്റ്റർ വന്ദന ഫ്രാൻസിസ് എന്നിവരെ അറസ്റ്റ് ചെയ്തത്. ഇവർക്കെതിരേ ഗുരുതരമായ വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്. സിസ്റ്റർ പ്രീതിയാണ് കേസിലെ ഒന്നാം പ്രതി. സിസ്റ്റർ വന്ദന രണ്ടാം പ്രതിയാണ്.

നിർബന്ധിത മതപരിവർത്തന നിരോധന നിയമത്തിലെ വകുപ്പും സെക്ഷൻ 4,ബിഎൻഎസ് 143 എന്നീ വകുപ്പുകളാണ് ഇവർക്കെതിരേ ചുമത്തിയിരിക്കുന്നത്. പത്തുവർഷം വരെ തടവു ലഭിക്കാവുന്ന കുറ്റങ്ങളാണിത്. അറസ്റ്റിലായ കന്യാസ്ത്രീകൾ നിലവിൽ ദുർഗ് സെൻട്രൽ ജയിലിൽ തുടരുകയാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# നാഷണൽ സർവീസ് സ്കീം പ്രവർത്തനം ഇനി അംഗീകൃത ഡിപ്ലോമ സർട്ടിഫിക്കറ്റ് പ്രോഗ്രാം

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും കെ ഡിസ്കും സംസ്ഥാന നാഷണൽ സർവീസ് സ്കീമും വിജ്ഞാന കേരളം പദ്ധതിക്കായി കൈകോർക്കുവാൻ ധാരണാപത്രം ഒപ്പ് വച്ചു. ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി നിർവഹിച്ചു. മൂന്നര ലക്ഷത്തോളം എൻ എസ് എസ് വോളണ്ടിയർമാർക്ക് അവരുടെ സേവനങ്ങൾക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കും. ഉന്നത വിദ്യാഭ്യാസ, പൊതുവിദ്യാഭാസ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.



കെ. ഡിസ്കും എസ്. എൻ. ഓപ്പൺ യൂണിവേഴ്സിറ്റിയും വിജ്ഞാന കേരളം എം.ഒ.യു മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ ഒപ്പു വയ്ക്കുന്നു

സ്കൂളുകളിലെയും കോളേജുകളിലെയും നാഷണൽ സർവീസ് സ്കീം പ്രവർത്തനം രാജ്യത്ത് ആദ്യമായി കേരളത്തിൽ നിശ്ചിത ക്രെഡിറ്റ് ഉള്ള നൈപുണ്യ കോഴ്സ് ആയി മാറ്റുവാനുള്ള ധാരണ പത്രം മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിദ്ധ്യത്തിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും കെ ഡിസ്കും സംസ്ഥാന നാഷണൽ സർവീസ് സ്കീമും ഒപ്പ് വച്ചു. പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി നിർവഹിച്ചു.

തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നടന്ന ചടങ്ങിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. ഡോ. ജഗതി രാജ് വി പി, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. വി പി പ്രശാന്ത്, ഡോ. എം. ജയപ്രകാശ്, പ്രൊഫ. ഡോ. പി പി അജയകുമാർ, ഡോ. സി ഉദയകല, അഡ്വ. ജി. സുഗുണൻ, രജിസ്ട്രാർ ഡോ സുനിത എ പി, സംസ്ഥാന ചടട ഓഫീസർ ഡോ. അൻസർ, ആർ. എൻ, റീജിയണൽ. ഡയറക്ടർ വൈ. എം യുപിൻ, യൂത്ത് ഓഫീസർ പിയുഷ്, കെ-ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി വി ഉണ്ണികൃഷ്ണൻ, വിജ്ഞാന കേരളം സ്ട്രാറ്റജിക് അഡ്വസർ ഡോ. സരിൻ തുടങ്ങിയവർ പങ്കെടുത്തു.

വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എൻ.എസ്എ.സ് യൂണിറ്റുകൾ തൊഴിലും നൈപുണ്യവും എന്ന ആശയത്തിലൂന്നി നടത്തുന്ന സന്നദ്ധ പ്രവർത്തനം നൈപുണ്യ വികസനത്തിനായുള്ള പ്രൊജകട് ബേസ്ഡ് പദ്ധതിയായി പരിഗണിച്ചുകൊണ്ടാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത്. കെ-ഡിസ്കും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും സ്റ്റേറ്റ് എൻ എസ് എസ് ഓഫീസുമായി ചേർന്നാണ് ഇത് പ്രാവർത്തികമാക്കുന്നത്.ഈ വർഷം എൻ.എസ്.എസ് യൂണിറ്റുകളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനമാണ് മാനസ ഗ്രാമം പദ്ധതി. എല്ലാ എൻ.എസ്.എസ് യൂണിറ്റുകളും ഗ്രാമത്തിന്റെ വികസനത്തിൽ പങ്കാളികൾ ആകുന്ന പദ്ധതിയുടെ ഭാഗമായി വിജ്ഞാനകേരളം പദ്ധതിയിൽ എൻ.എസ്.എസ് പങ്കാളി ആകുന്നു. കലായങ്ങളിലും പൊതുസമൂഹത്തിലും വിജ്ഞാന കേരളം പദ്ധതി നടപ്പിലാക്കുന്നതിൽ എൻ.എസ്.എസ് പങ്കുവഹിക്കും. രാജ്യത്ത് ആദ്യമായി എൻ.എസ്.എസ് ന്റെ സന്നദ്ധ സേവന പ്രവർത്തനത്തെ സ്കിൽ കോഴ്സിന്റെ ഭാഗമാക്കി മാറ്റുന്നതാണ് പദ്ധതിയുടെ സവിശേഷത. ഇതിൽ പങ്കെടുക്കുന്ന മൂന്നര ലക്ഷത്തോളം എൻ.എസ്.എസ് വോളണ്ടിയർമാർക്ക് അവരുടെ സേവനത്തെ ഒരു സർവീസ് എന്നതിനപ്പുറം ട്രെയിനിങ് പ്രോജക്ട് ആയി കണ്ടുകൊണ്ട് അക്കാദമിക് ഫ്രെയിം വർക്കിൽ ഊന്നി ക്രെഡിറ്റ് ബേസ്ഡ് സർട്ടിഫിക്കറ്റ് കൊടുക്കുവാനാണ് ധാരണയായത്. ഇതിലൂടെ അവർക്ക് ലഭിക്കുന്ന ക്രെഡിറ്റുകൾ ഭാവിയിൽ അവരുടെ ഉപരിപഠനത്തിന് ഉപയോഗപ്പെടുത്തുവാൻ സാധിക്കും. എൻ സി വി ടിയുടെ സർട്ടിഫിക്കറ്റ് കൂടി ഈ പ്രോഗ്രാമിന് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ഓപ്പൺ യൂണിവേഴ്സിറ്റി കൈക്കൊള്ളും. സാമൂഹ്യ സേവനത്തിന്റെ ഉദാത്ത മാതൃകയായ നാഷണൽ സർവീസ് സ്കീം സേവനത്തെ അക്കാഡമിക് ക്രെഡിറ്റോടുകൂടിയ നൈപുണ്യ വികസന സർട്ടിഫിക്കറ്റ് പ്രോഗ്രാം ആക്കി മാറ്റുന്നതിലൂടെ ഈ പ്രൊജക്ടിന്റെ ഭാഗമാകുന്ന എൻ.എസ്.എസ് വോളണ്ടിയർമാർക്ക് ഉയർന്ന ജീവിത നിലവാരവും അവരവരുടെ നൈപുണ്യത്തിന് അനുസൃതമായ തൊഴിൽ നേടുവാനും അവസരം ഒരുങ്ങും. എൻ.എസ്.എസ് സ്കിൽ കോഴ്സ് ആകുന്നതോടെ ഇതിലൂടെ ലഭിക്കുന്ന ക്രെഡിറ്റ് ഡിഗ്രി പിജി വിദ്യാർത്ഥികൾക്ക് നിലവിലെ കോഴ്സിൽ തന്നെ ക്രെഡിറ്റ് ആവശ്യമുള്ളിടത്ത് കൂട്ടിച്ചേർക്കാൻ സാധിക്കും.

## ജൂൺ, ജൂലൈ മാസങ്ങളിലെ പ്രധാന പരിശോധനകൾ

കാലാവധി കഴിഞ്ഞ മരുന്നുകൾ രോഗികൾക്ക് നൽകിയതിനെ തുടർന്ന് കോഴിക്കോട് മാറാട് മെഡിക്കൽ സെന്റർ എന്ന സ്ഥാപനത്തിനെതിരെയും കുറ്റകൃത്യം നടത്തിയ ഡോക്ടർക്കെതിരേയും ഡ്രഗ്സ് കൺട്രോൾ വിഭാഗം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. മതിയായ ഡ്രഗ്സ് ലൈസൻസുകൾ ഇല്ലാതെ അലോപ്പതി മരുന്നുകൾ വാങ്ങി വിൽപന നടത്തിയത് കണ്ടെത്തിയതിനെ തുടർന്ന് കോട്ടയം ചിങ്ങവനത്ത് പ്രവർത്തിക്കുന്ന കല്യാൺ ഹോമിയോ മെഡിക്കൽസ് എന്ന സ്ഥാപന ഉടമയായ ഹോമിയോ ഡോക്ടർക്കെതിരെ നിയമനടപടി സ്വീകരിച്ചു.

ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ നാർക്കോട്ടിക്, ആന്റിബയോട്ടിക് ഉൾപ്പെടെയുള്ള മരുന്നുകൾ വിൽപന നടത്തിയ കണ്ണൂർ തളിപ്പറമ്പ് പ്രവർത്തിച്ചിരുന്ന അറഫ മെഡിക്കൽസിനെതിരെ നിയമനടപടികൾ സ്വീകരിച്ചു. യാതൊരു രേഖകളുമില്ലാതെ ലൈംഗിക ഉത്തേജക മരുന്നുകൾ ഭീമമായ അളവിലാണ് വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്നത്. കോട്ടയം ജില്ലയിൽ മെഫെന്റർമൈൻ സൾഫേറ്റ് ഇൻജക്ഷൻ വാഹനത്തിൽ കടത്തിക്കൊണ്ടുപോയത് കണ്ടെത്തി. 60,000 രൂപ വിലവരുന്ന മരുന്നുകൾ കസ്റ്റഡിയിൽ എടുത്ത് നിയമനടപടി സ്വീകരിച്ചു.തൃശൂർ ജില്ലയിൽ ഡ്രഗ്സ് ലൈസൻസുകൾ ഇല്ലാതെ പ്രവർത്തിച്ചത് കണ്ടെത്തിയതിനെ തുടർന്ന് സ്ഥാപന ഉടമയ്ക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു. ഇടുക്കി ജില്ലയിൽ സെന്റ് ജോർജ് സ്റ്റോഴ്സ് എന്ന സ്റ്റേഷനറി സ്ഥാപനത്തിൽ അനധികൃതമായി ഷെഡ്യൂൾ എച്ച് വിഭാഗത്തിൽ ഉൾപ്പെടുന്ന മരുന്നുകൾ വിൽപ്പനയ്ക്കായി സ്റ്റോക്ക് ചെയ്തിരുന്നതിനെ തുടർന്ന് സ്ഥാപന ഉടമയ്ക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടി സ്വീകരിച്ചു. തൊടുപുഴ കരിക്കോട് ഒരു വീട്ടിൽ ആനധികൃതമായി മെഫെന്റർമൈൻ സൾഫേറ്റ് ഇൻജക്ഷൻ സൂക്ഷിച്ചിരുന്നതിനെ തുടർന്ന് ഉടമയ്ക്കെതിരെ ഡ്രഗ്സ് ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നിയമ നടപടി സ്വീകരിച്ചു.എറണാകുളം ജില്ല ഡ്രഗ്സ് ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ഇടുക്കി മൂലമറ്റം ഗൗതം കൃഷ്ണ എന്ന വ്യക്തിയുടെ വീട്ടിൽ മെഫെന്റർമൈൻ സൾഫേറ്റ് ഇൻജക്ഷൻ അനധികൃതമായി സൂക്ഷിച്ചിരുന്നത് കണ്ടെത്തിയതിനെ തുടർന്ന് ഇടുക്കി ഡ്രഗ്സ് ഇൻസ്പെക്ടർ നിയമനടപടി സ്വീകരിച്ചു.

## ജൂലൈ മാസത്തെ റേഷൻ വിതരണം 31 വരെ

ജൂലൈ മാസത്തെ റേഷൻ വിതരണം 31 ന് പൂർത്തിയാകും. ഓഗസ്റ്റ് 1 ന് റേഷൻകടകൾക്ക് അവധിയായിരിക്കും. രണ്ട് മുതൽ ആഗസ്റ്റ് മാസത്തെ റേഷൻ വിതരണം ആരംഭിക്കും. ജൂലൈ മാസത്തെ റേഷൻ വിഹിതം കൈപ്പറ്റുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിക്കുന്നതല്ല. അതിനാൽ ഇതുവരെ റേഷൻ വാങ്ങാത്തവർ 31 ന് തന്നെ റേഷൻ വാങ്ങേണ്ടതാണ്.

# ആരോഗ്യ വകുപ്പിന്റെ ഇടപെടൽ ശരിവച്ച് കോടതി; വ്യാജ സൗന്ദര്യവർധക വസ്തുക്കൾ വിറ്റവർക്കെതിരെ നടപടി

### ശക്തമായ നടപടികളുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ജനങ്ങൾക്ക് സുരക്ഷിതവും ഫലപ്രാപ്തിയുള്ളതും ഗുണനിലവാരമുള്ളതുമായ മരുന്നുകളും സൗന്ദര്യവർധക വസ്തുക്കളും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നേതൃത്വത്തിൽ ജൂൺ, ജൂലൈ മാസങ്ങളിലായി 8 പ്രത്യേക ഡ്രൈവുകളാണ് നടത്തിയത്. നിയമം ലംഘിച്ചവർക്കെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് നിയമപ്രകാരവും വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന മറ്റ് അനുബന്ധ നിയമങ്ങൾ പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നു. മാത്രമല്ല ഈ കേസുകൾ കോടതി മുമ്പാകെ എത്തിച്ച് ശിക്ഷാനടപടികളും സ്വീകരിക്കാനായി.

ഓപ്പറേഷൻ സൗന്ദര്യയുടെ രണ്ടാം ഘട്ടത്തിൽ മിസ് ബ്രാന്റഡ് കോസ്മെറ്റിക്സ് വിൽപ്പന നടത്തിയതിന് തലശ്ശേരി എമിറേറ്റ്സ് ഡ്യൂട്ടി ഫ്രീ ഡിസ്കൗണ്ട് ഷോപ്പിനെതിരെ 2024-ൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഫയൽ ചെയ്ത കേസിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, തലശ്ശേരി, പ്രതികൾക്ക് ഓരോരുത്തർക്കും 15,000 രൂപ വീതം ആകെ 75,000 രൂപ പിഴ അടയ്ക്കുന്നതിന് ശിക്ഷ വിധിച്ചു.

ഓപ്പറേഷൻ സൗന്ദര്യയുടെ രണ്ടാം ഘട്ടത്തിൽ മിസ് ബ്രാന്റഡ് കോസ്മെറ്റിക്സ് വിൽപ്പന നടത്തിയതിന് കൊടുങ്ങല്ലൂർ ന്യൂ ലൗലി സെന്റർ ഷോപ്പിനെതിരെ 2024-ൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഫയൽ ചെയ്ത കേസിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, കൊടുങ്ങല്ലൂർ പ്രതികൾക്ക് 10,000 രൂപ പിഴയും കോടതി പിരിയും വരെ തടവ് ശിക്ഷയും വിധിച്ചു.എറണാകുളം എഡിസി ഓഫീസിൽ ലഭിച്ച 'മരുന്നു മാറി നൽകി' എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ച നടപടികളുടെ ഭാഗമായി എറണാകുളം തൃപ്പൂണിത്തുറ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ കേസിൽ മറിയാ മെഡിക്കൽസ്, സ്റ്റാച്യു ജംഗ്ഷൻ, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിനും അതിന്റെ പാർട്ണേഴ്സിനും ഒരു വർഷം തടവും 20,000 രൂപ പിഴയും വിധിച്ചു.

# കയർ ഉൽപ്പന്ന നിർമ്മാണത്തിൽ പട്ടികജാതി വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം

### 500 വനിതകൾ രജിസ്റ്റർ ചെയ്തു;1.92 കോടി രൂപയുടെ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി കയർ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ നൈപുണ്യ വികസന പരിശീലന പരിപാടിയുമായി സർക്കാർ. തൊഴിൽ നൈപുണ്യ പരിശീലനത്തിലൂടെ അവരെ സ്വയംപര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംരംഭം നടപ്പിലാക്കുന്നത്. പരിശീലനം വഴി വിവിധ സഹകരണ സംഘങ്ങളിലും പ്രൊഡക്ഷൻ യൂണിറ്റുകളിലും സ്ഥിരവരുമാനം നേടാൻ വനിതകളെ പ്രാപ്തരാക്കും. പട്ടികജാതി വികസന വകുപ്പും നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

കേരളത്തിലുടനീളം വൈവിധ്യമാർന്ന കയർ ഉൽപ്പന്നങ്ങളിൽ ചഇഞ്ഞങക പരിശീലനം നൽകിവരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പുമായി സഹകരിച്ച് ആദ്യമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ മൂന്ന് പ്രധാന കയർ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള പ്രായോഗിക പരിശീലനമാണ് ലഭ്യമാക്കുക. ഇതിനോടകം 500 ഓളം പരിശീലനാർത്ഥികൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. പദ്ധതിക്കായി എസ്.സി.എസ്.ടി. ഡിപ്പാർട്ട്മെന്റ് വഴി 1.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എട്ടാം ക്ലാസ് പാസായ, 50 വയസിൽ താഴെയുള്ള പട്ടികജാതി വനിതകൾക്കാണ് പരിശീലനം നൽകുന്നത്.

കേരളത്തിലെ 10 ജില്ലകളിലായി സംഘടിപ്പിക്കുന്ന പരിശീലനത്തിൽ കയർ ഫ്രെയിം മാറ്റ് നിർമാണം, ചകിരിച്ചോർ കമ്പോസ്റ്റ് നിർമാണം, കയർ ഭൂവസ്ത്ര നിർമാണം എന്നിവയിലാണ് പരിശീലനം നൽകുക. വിവിധതരം ഫ്രെയിമുകളിൽ വൈവിധ്യമാർന്ന ചവിട്ടികൾ നിർമ്മിക്കുന്നതിന് 15 ബാച്ചുകളിലായി പരിശീലനം നൽകും. ഓരോ ബാച്ചിലും 10 വനിതകളെയാണ് ഉൾപ്പെടുത്തുന്നത്. 30 ദിവസത്തെ പരിശീലനവും 25 ദിവസത്തെ ഇന്റേൺഷിപ്പും ഇതിൽ ഉൾപ്പെടുന്നു. പരിശീലനാർത്ഥികൾക്ക് പ്രതിദിനം 300 രൂപ സ്റ്റൈപ്പൻഡും 25 ദിവസത്തെ ഇന്റേൺഷിപ്പിന് പ്രതിദിനം 500 രൂപ വേതനമായും ലഭിക്കും.

ചഇഞ്ഞങക യുടെ കുടപ്പനക്കുന്നിലുള്ള ക്യാമ്പസിൽ സൗജന്യ താമസ സൗകര്യത്തോടെയാണ് ചകിരിച്ചോർ കമ്പോസ്റ്റ് നിർമ്മാണ പരിശീലനം നൽകുക. സുസ്ഥിര കൃഷിക്കും പൂന്തോട്ട പരിപാലനത്തിനും ഏറെ പ്രാധാന്യമുള്ളതാണ് ചകിരിച്ചോർ കമ്പോസ്റ്റ്. 2 ദിവസത്തെ പരിശീലനവും 25 ദിവസത്തെ ഇന്റേൺഷിപ്പും ലഭിക്കും. ഇതിനു മാത്രമായി ഏകദേശം 75 ലക്ഷം രൂപയാണ് സർക്കാർ നൽകുന്നത്. പരമാവധി 25 ദിവസത്തേക്ക് പ്രതിദിനം 500 രൂപ നിരക്കിൽ വേതനത്തോടുകൂടിയ ഇന്റേൺഷിപ്പും 2 ദിവസത്തെ പരിശീലന കാലയളവിൽ പ്രതിദിനം 300 രൂപ സ്റ്റൈപ്പൻഡും ലഭിക്കും. 20 പേരടങ്ങുന്ന എട്ട് ബാച്ചുകളായാണ് പരിശീലനം.

മണ്ണൊലിപ്പ് തടയുന്നതിനും ചരിഞ്ഞ പ്രദേശങ്ങൾ ബലപ്പെടുത്തുന്നതിനും കാർഷിക വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും റോഡ് നിർമ്മാണത്തിനും ഉപയോഗിക്കുന്ന പരിസ്ഥിതി സൗഹൃദ ഉൽപ്പന്നമാണ് കയർ ജിയോ ടെക്സ്റ്റൈൽസ്. കയർ ഭൂവസ്ത്ര നിർമ്മാണത്തിലെ പ്രായോഗിക പരിശീലനം, സാങ്കേതിക പരിജ്ഞാനം, വിതരണ പരിശീലനം, വിവിധതരം കയറുകളെക്കുറിച്ചുള്ള അവബോധം എന്നിവ പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 35 ദിവസം 10 പേരടങ്ങുന്ന മൂന്ന് ബാച്ചുകളായാണ് പരിശീലനം. പരിശീലന കാലയളവിൽ പ്രതിദിനം 300 രൂപ സ്റ്റൈപ്പൻഡും 30 ദിവസത്തെ ഇന്റേൺഷിപ്പിന് പ്രതിദിനം 675 രൂപയും വേതനമായി നൽകും. സൗജന്യ താമസ സൗകര്യവും ലഭിക്കും.

